## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.370.** **27.06. 2012-ൽ മറുപടിയ്ക്ക്**

### ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. സി. ദിവാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | അതിർത്തി കടന്ന് സംസ്ഥാനത്തേക്ക് എത്തുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;പുതിയ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | അതിർത്തി കടന്ന് സംസ്ഥാനത്തേക്ക് എത്തുന്ന ഭക്ഷ്യ സാധനങ്ങളുൾപ്പെടെ എല്ലാത്തരം ഭക്ഷ്യ വസ്തുക്കളുടെയും സാമ്പിളുകൾ ഫുഡ് ഇൻസ്പെക്ടർമാർ എടുക്കുകയും അവ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയും ചെയ്യാറുണ്ട്.<br>നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങൾ ആധുനീവൽക്കരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ കൈക്കൊളളിച്ചിട്ടുളള, 2.50 കോടി രൂപ ഉപയോഗിച്ച് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും എൻ. എ. ബി. എൽ. അക്രഡിറ്റേഷനുളള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ എന്തെല്ലാം തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | (സി) | ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്തതായി കണ്ടെത്തുന്നവർക്കെതിരെ നിയമ പ്രകാരം സ്വീകരിക്കാവുന്ന നടപടികളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## വ്യത്യസ്തമായ നിയമലംഘനത്തിനും/ കുറ്റത്തിനുമുള്ള പിഴകൾ താഴെ പറയുന്നു

| നമ്പർ | ഉപ വാക്യം | നിയമ ലംഘനം / കുറ്റം | ശിക്ഷ |
|---|---|---|---|
| 1. | 50 | ആവശ്യപ്പെടുന്ന ഗുണനിലവാരം ഇല്ലാത്തത് | 25,000 രൂപയിൽ കുറയാത്തത് |
| 2. | 51 | നിലവാരമില്ലാത്ത ഭക്ഷ്യവസ്തു | 5,00,000 രൂപവരെ |
| 3. | 52 | തെറ്റായ ബ്രാൻഡിലെ ഭക്ഷ്യവസ്തു | 3,00,000 രൂപ വരെ |
| 4. | 53 | തെറ്റിദ്ധാരണജനകമായ പരസ്യം | 10,00,000 രൂപ വരെ |
| 5. | 54 | ബാഹ്യവസ്തുക്കൾ ഉൾക്കൊള്ളിക്കുന്ന ഭക്ഷ്യവസ്തു | 1,00,000 രൂപ വരെ |
| 6. | 55 | ഫുഡ് സേഫ്റ്റി ഓഫീസറുടെ നിർദ്ദേശങ്ങൾക്ക് വഴങ്ങാത്തതിന് | 2,00,000 രൂപ വരെ |
| 7. | 56 | അനാരോഗ്യകരവും ശുചിത്വവുമില്ലാത്ത സംസ്ക്കരണവും നിർമ്മാണവും | 1,00,000 രൂപ വരെ |
| 8. | 57 | മായ വസ്തു കൈവശം വയ്ക്കൽ | |
| | | (i) ആരോഗ്യത്തിന് ഹാനികരമല്ലാത്തത് | 2,00,000 രൂപ വരെ |
| | | (ii) ആരോഗ്യത്തിന് ഹാനികരമായത് | 10,00,000 രൂപ വരെ |
| 9. | 58 | പ്രത്യേക പിഴ നിർദ്ദേശിക്കാത്ത നിയമലംഘനം | 2,00,000 രൂപ വരെ |
| 10. | 59 | അരക്ഷിത ഭക്ഷ്യവസ്തു<br>(i) പരുക്കിനിടയാകാത്ത നിയമലംഘനം | ആറു മാസംവരെ തടവും<br>1,00,000 രൂപ വരെ പിഴയും |
| | | (ii) ഗുരുതരമല്ലാത്ത പരുക്കിന് ഇടയാക്കുന്ന നിയമലംഘനം | ഒരുവർഷംവരെ തടവും പിഴയും |
| | | (iii) ഗുരുതര പരുക്കിന് ഇടയാക്കുന്ന നിയമലംഘനം | 6 വർഷംവരെ തടവും<br>5,00,000 രൂപവരെ പിഴയും |
| | | (iv) മരണത്തിനിടയാക്കുന്ന നിയമലംഘനം | 7 വർഷം വരെ (ചിലപ്പോൾ ജീവപര്യന്തം) തടവും |
| 11. | 60 | പിടിച്ചെടുത്ത വസ്തുക്കളിൽ ഇടപെട്ടതിന് | 6 മാസംവരെ തടവും<br>2,00,000 രൂപ പിഴയും |
| 12. | 61 | വ്യാജ വിരണത്തിന് | 3 മാസം വരെ തടവും<br>2,00,000 രൂപ പിഴയും |
| 13. | 62 | ഫുഡ് സേഫ്റ്റി ഓഫീസറെ തടഞ്ഞതിനും ആൾമാറാട്ടത്തിനും | 3 മാസം തടവും<br>ഒരു ലക്ഷം രൂപ പിഴയും |
| 14. | 63 | ലൈസൻസില്ലാത്ത ബിസിനസിന് | 6 മാസം വരെ തടവും<br>ഒരു ലക്ഷം രൂപ പിഴയും |
| 15. | 64 | തുടർച്ചയായ കുറ്റകൃത്യത്തിന്<br>(i) ആവർത്തിച്ച കുറ്റത്തിന് ആദ്യ കുറ്റത്തിലെ പരമാവധി ശിക്ഷയുടെ ഇരട്ടി<br>(ii) അത് തുടർന്നതിന് ഒരു ലക്ഷം രൂപ വരെ നീളുന്ന പ്രതിദിന പിഴ)<br>(iii) തുടർച്ചയായി ആവർത്തിച്ചതിന് ലൈസൻസ് റദ്ദു ചെയ്യുക | |
| 16. | 65 | പരുക്കിനോ മരണത്തിനോ ഉള്ള നഷ്ടപരിഹാരം<br>(i) ഉപഭോക്താവിന്റെ മരണം അഞ്ച് ലക്ഷത്തിൽ കുറയാത്ത പിഴ<br>(ii) ഗുരുതര പരുക്കിന് മൂന്നു ലക്ഷത്തിൽ കവിയാത്ത പിഴ<br>(iii) മറ്റു പരുക്കുകൾക്ക് ഒരു ലക്ഷത്തിൽ കവിയാത്ത പിഴ | |
| 17. | | ആക്ട് ലംഘിച്ചുകൊണ്ടുള്ള ഭക്ഷ്യ വസ്തുക്കളുടെ ഇറക്കുമതി<br>ഈ ആക്ടിന് ഫോറിൻ ട്രേഡ് (ഡവലപ്മെന്റ് ആന്റ് റഗുലേഷൻ ആക്ട്-1992, കസ്റ്റംസ് ആക്ട് 1962 എന്നിവയുടെ വ്യവസ്ഥകൾക്ക് അനുസൃതമായ ശിക്ഷ. | |